LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ ലാഭം/നഷ്ടം

222 (4610) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ലാഭം/നഷ്ടം ഓരോ വർഷവും എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

2014-15 വരെയുള്ള സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രമെ എ.ജി. ഓഡിറ്റ് പൂർത്തിയായി Certification ലഭിച്ചിട്ടുള്ളൂ. കഴിഞ്ഞ സർക്കാരിന്റെ കാല ഘട്ടത്തിലെ കെ.എസ്.ആർ.ടി.സി.-യുടെ ആഡിറ്റ് ചെയ്യാത്ത 2019-20 വരെയുള്ള താത്കാലിക കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം 2016-17 വർഷം 1,696.34 കോടി രൂപ, 2017-18 വർഷം 1,718.25 കോടി രൂപ, 2018-19 വർഷം 1,205.22 കോടി രൂപ, 2019-20 വർഷം 1,204.05 കോടി രൂപ എന്നിങ്ങനെയാണ്. 2020-21 കാലഘട്ടത്തെ താത്കാലിക കണക്ക് പൂർത്തീ കരിച്ചിട്ടില്ല.

പരസ്യ കരാർ കുടിശ്ശിക

223 (4611) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം ചെയ്യുന്നതിന് കരാർ എടുത്ത കമ്പനികൾ, കരാർ തീയതി, കരാർ തുക എന്നിവയുടെ വിശദവിവരം പട്ടികയായി നൽകാമോ?

വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത കമ്പനികൾ കരാർ പ്രകാരമുള്ള തുക നൽകാതെ കുടിശ്ശിക യാക്കിയിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക എത്രയാണെന്നും കുടിശ്ശിക ലഭ്യമാക്കുവാനെന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വെളിപ്പെടുത്താമോ?

ഉണ്ട്. പ്രസ്തുത കമ്പനികളിൽ M/s. ബ്രാന്റ് ബസാർ, 1,32,27,162 രൂപ ലൈസൻസ് ഫീ കുടിശ്ശിക വരുത്തിയതിനാൽ ലൈസൻസ് റദ്ദ് ചെയ്തിരിക്കുകയാണ്. കുടിശ്ശിക തുകയിലെ Penalty ഒഴിവാക്കുന്നതിന് ലൈസൻസി ഗവൺമെന്റിൽ സമർപ്പിച്ച പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ആർ.ടി.സി.-യോട് ആവശ്യ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.